നോർക്ക സെല്ലുകളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ

14 (*314) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോർക്ക വകുപ്പിന്റെ കീഴിൽ കളക്ടറേറ്റുകളിൽ പ്രവർത്തനം തുടങ്ങിയ നോർക്ക സെല്ലുകളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാ കളക്ടറേറ്റുകളിലെയും നോർക്ക സെല്ലുകളിൽ ഇപ്പോൾ നടത്തുന്നുണ്ടോ ;

(സി) പ്രവാസി ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്ന മറ്റെന്തൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ട പുതിയ സേവനങ്ങളാണ് ഇപ്പോൾ ജില്ലാതല സെല്ലുകളിൽ നിന്നും ലഭിക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ) വിദേശമലയാളികൾക്ക് ഭരണസംവിധാനവുമായി നേരിട്ട് വിശ്വാസയോഗ്യമായ ബന്ധം പുലർത്തുന്നതിനും, റവന്യൂ, പോലീസ്, നിയമസഹായം തുടങ്ങിയ മേഖലകളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നോർക്ക സെല്ലുകളിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി പ്രവാസി മലയാളികളുടെ റവന്യൂ, പോലീസ്, നിയമസഹായം തുടങ്ങിയ മേഖലകളിലുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്.

(ബി) പ്രവാസി തിരിച്ചറിയൽ കാർഡുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഒഴികെയുള്ള ജില്ലാ കളക്ടറേറ്റുകളിലെ നോർക്ക സെല്ലുകൾവഴിയാണ് വിതരണം നടത്തുന്നത്.

(സി) നോർക്ക വകുപ്പിന്റെയും നോർക്ക-റൂട്ട്സിന്റെയും, പ്രവാസി ക്ഷേമനിധിയുടെയും വിവിധ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പദ്ധതികളുടെ അപേക്ഷാ ഫോറങ്ങളും ഈ സെല്ലുകളിലൂടെ പ്രവാസികൾക്ക് ലഭിക്കുന്നതാണ്. പ്രവാസി തിരിച്ചറിയൽ കാർഡു വിതരണവും ഈ സെല്ലുകളിലൂടെയാണ് നടത്തിവരുന്നത്. ഒരു നിശ്ചിതദിവസം സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനും നോർക്ക സെല്ലുകളുടെ സഹായത്തോടെ നടത്തിവരുന്നു. കൂടാതെ പ്രവാസികൾക്കും ആശ്രിതർക്കും നാട്ടിൽ നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തി പരിഹാര നടപടികളും കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly